(സി) ഏതെല്ലാം സബ്ജക്റ്റുകളിലുള്ള അദ്ധ്യാപകരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ ജില്ലയിൽ നിലവിലുണ്ടെന്നും ഇവയുടെ കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)	എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്)	..	12
	എച്ച്. എസ്. എ. (നാചറൽ സയൻസ്)	..	32
	എച്ച്. എസ്. എ. (ഇംഗ്ലീഷ്)	..	28
	എച്ച്. എസ്. എ. (കണക്ക്)	..	4
	എച്ച്. എസ്. എ. (സോഷ്യൽ സയൻസ്)	..	6

(സി) എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്), എച്ച്. എസ്. എ. (കണക്ക്), എച്ച്. എസ്. എ. (സോഷ്യൽ സയൻസ്) എന്നീ തസ്തികയിലെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

1. എച്ച്. എസ്. എ. (പി. എസ്.) 31-7-2001-ൽ നിലവിൽ വന്നു. 31-7-2004-ൽ അവസാനിക്കും.

2. എച്ച്. എസ്. എ. (കണക്ക്) 29-1-2001-ൽ നിലവിൽ വന്നു. 28-1-2004-ൽ അവസാനിക്കും. എച്ച്. എസ്. എ. (സോഷ്യൽ സയൻസ്) 9-10-2002-ൽ നിലവിൽ വന്നു. 9-10-2005-ൽ അവസാനിക്കും.

(ഡി) എച്ച്. എസ്. എ. (നാചറൽ സയൻസ്), എച്ച്. എസ്. എ. (ഇംഗ്ലീഷ്) എന്നീ വിഷയങ്ങളിൽ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.

റാങ്ക് ലിസ്റ്റ് നിലവിലുള്ള എല്ലാ ഒഴിവുകളിലേക്കും പി. എസ്. സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രൊമോഷൻ വഴിയും അന്തർ ജില്ലാ സ്ഥലംമാറ്റം വഴിയും നികത്തേണ്ട ഒഴിവുകളിൽ ആ രീതിയിൽ നികത്തുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൽ. പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങുന്നതിനുള്ള നടപടി

99 [651] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) അഞ്ചാം ക്ലാസ്സുമുതൽ ഇംഗ്ലീഷ് മീഡിയം നിലവിലുള്ള എയിഡഡ് സ്കൂളുകളിൽ എൽ. പി. വിഭാഗത്തിൽ, ഇംഗ്ലീഷ് മീഡിയം ഈ വർഷം മുതൽ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വ്യവസ്ഥയിൽ എന്നു വിശദമാക്കാമോ;

(ബി) വർഷങ്ങളായി അൺ എയിഡഡ് മേഖലയിൽ എൽ. പി. വിഭാഗത്തിൽ ഇംഗ്ലീഷ് മീഡിയം നടത്തിയിരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) അംഗീകാരം ലഭിക്കാത്ത അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളിലെ 4-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ പ്രത്യേകാനുമതി ആവശ്യമുണ്ടോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

നിർദ്ദിഷ്ട യോഗ്യതയില്ലാത്ത പ്രൈമറി അദ്ധ്യാപകർ

100 [652] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട യോഗ്യതയില്ലാത്ത പ്രൈമറി അദ്ധ്യാപകർ ഇപ്പോൾ കേരളത്തിൽ അദ്ധ്യാപകരായി തുടരുന്നുണ്ടോ;

(ബി) എങ്കിൽ ആരെല്ലാം ഏതെല്ലാം ജാതിയിൽപ്പെട്ടവർ, എന്നുമുതൽ ജോലി ചെയ്യുന്നുവെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) ഇത്തരത്തിലുള്ള അദ്ധ്യാപകർക്ക് 15 വർഷം തുടർ സേവനമോ 40 വയസ്സോ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗ്രേഡ് ആനുകൂല്യം, ഇൻക്രിമെന്റ്, പേ റിവിഷൻ ആനുകൂല്യം ഇവ നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഡി) ഇത്തരത്തിലുള്ള മുഴുവൻ അദ്ധ്യാപകർക്കും ജാതി നോക്കാതെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇത്തരത്തിലുള്ള മുഴുവൻ ആനുകൂല്യങ്ങളും നിർദ്ദിഷ്ട യോഗ്യതയില്ലാത്തവരും 40 വയസ്സോ 15 വർഷം സർവീസോ പൂർത്തീകരിച്ചവർക്കും നൽകുന്നുവെങ്കിൽ ആയതിനെ സംബന്ധിച്ചുള്ള മുഴുവൻ ഉത്തരവുകളും ലഭ്യമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly